പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7586

15.07.2014-ൽ മറുപടിയ്ക്ക്

വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

| ചോദ്യം<br>ശ്രീ. കെ. അജിത് | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി 20 ലക്ഷം രൂപയാണ് കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) ടി തുകകൊണ്ട് ഏതുതരം നിർമ്മാണ പ്രവർത്തനം നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും ടി പ്രവൃത്തി എന്നു പൂർത്തിയാക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ? | (ബി) ആർക്കൈവ്സ് വകുപ്പിനെയാണ് മ്യൂസിയം നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. രണ്ടു ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അതിനായി ആകെ 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വൈക്കത്ത് ബോട്ട് ജെട്ടിയോട് ചേർന്ന് വൈക്കം നഗരസഭ പുതുതായി പണികഴിപ്പിച്ച വൈക്കം സത്യാഗ്രഹ സ്മാരക കെട്ടിടത്തിൽ നഗരസഭയുടെ സഹകരണത്തോടെ മ്യൂസിയം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്മാരക കോംപ്ലക്സിൽ തന്നെ മഹാത്മാ ഗാന്ധിയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനും മ്യൂസിയത്തിനോടനുബന്ധിച്ച് Pedestal Landscaping, പൂന്തോട്ട നിർമ്മാണം, ലൈറ്റ് സജ്ജീകരണം, മ്യൂസിയം ഗാലറി, ഡിസ് പ്ലേ, ഫർണിച്ചർ എന്നിവയും, വൈക്കം സത്യാഗ്രഹ രേഖകളുടെ ഡാറ്റാകളക്ഷൻ, മ്യൂസിയം ഒരുക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടർ/കിയോസ്ക്, ഡോക്യുമെന്റേഷൻ, പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള മറ്റ് ചെലവുകൾ |

എന്നിവയ്ക്കാണ് ടി തുക ചെലവാക്കുന്നത്. സർക്കാർ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുള്ള കേരളം മ്യൂസിയം ഓഫ് ഹിസ്റ്ററി & ഹെറിറ്റേജ് ആണ് പദ്ധതി രേഖ തയ്യാറാക്കുന്നത്. 9 മാസത്തെ കാലാവധിയാണ് പ്രൊപ്പോസലിൽ നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ